A

സർവ ശിക്ഷാ അഭിയാൻ

605

# പാദവർഷിക മൂല്യനിർണയം 2017–18
## സാമൂഹ്യശാസ്ത്രം

സ്റ്റാൻഡേർഡ് - 6 | സമയം: 2 മണിക്കൂർ

**നിർദേശങ്ങൾ**

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുൻപ് 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ 8 പ്രവർത്തനങ്ങൾ നൽകിയിരിക്കുന്നു. അതിൽ 6 പ്രവർത്തനങ്ങൾക്ക് ഉത്തരമെഴുതുക.

പ്രവർത്തനം : 1

• **സൽത്തനത്ത് ഭരണത്തെ തുടർന്ന് ഇന്ത്യയിൽ മുഗൾ ഭരണം സ്ഥാപിച്ചത് ബാബർ ആണ്.**

എ) ഇബ്രാഹിംലോദിയുടെ സൈന്യത്തെ പരാജയപ്പെടുത്തുവാൻ ബാബറുടെ സൈന്യത്തെ സഹായിച്ച ഘടകങ്ങൾ എന്തെല്ലാമാണ്?

ബി) മുഗൾ സാമ്രാജ്യം വിസ്തൃതമാക്കാൻ അക്ബർ ചക്രവർത്തി സ്വീകരിച്ച നടപടികൾ എന്തെല്ലാം?

സി) ഭരണം കാര്യക്ഷമമാക്കാൻ തലസ്ഥാനം ഡൽഹിയിൽ നിന്ന് ദേവഗിരിയിലേക്ക് (ദൗലത്താബാദ്) മാറ്റിയ തുഗ്ലക്ക് ഭരണാധികാരി ആരാണ്?

പ്രവർത്തനം : 2

• **സി.ഇ പതിനേഴാം നൂറ്റാണ്ടിൽ മറാത്തകൾ ഇന്ത്യയിലെ പ്രബല ശക്തികളായി മാറി.**

എ) മറാത്തകളുടെ വളർച്ചയ്ക്ക് കാരണമായ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ എഴുതുക.

ബി) 'ഛത്രപതി' എന്ന സ്ഥാനപ്പേര് സ്വീകരിച്ച മറാത്ത രാജാവ് ആരായിരുന്നു?

സി) മറാത്ത സാമ്രാജ്യത്തിന്റെ ആസ്ഥാനം എവിടെയായിരുന്നു?

പ്രവർത്തനം : 3

• **വിജ്ഞാന സമ്പാദനത്തിനായി ഇന്ന് ഇന്ത്യയിൽ നിന്ന് ധാരാളം വിദ്യാർഥികൾ വിദേശങ്ങളിലേക്ക് പോകുന്നു. എന്നാൽ മധ്യകാല ഇന്ത്യയിൽ ഇതായിരുന്നില്ല സ്ഥിതി.**

എ) മധ്യകാല ഇന്ത്യയിലെ വിജ്ഞാനപുരോഗതിയെ വിലയിരുത്തി ഒരു കുറിപ്പ് തയാറാക്കുക.

ബി) പ്രശസ്ത കവിയായ അമീർ ഖുസ്രുവിന്റെ വാക്കുകളിൽ വിജ്ഞാന രംഗത്ത്, മധ്യകാല ഇന്ത്യ ലോകത്തിനു നൽകിയ സംഭാവനകൾ എന്തെല്ലാം?

പ്രവർത്തനം : 4

• **മധ്യകാലഘട്ടത്തിൽ ഇന്ത്യ സന്ദർശിച്ച സഞ്ചാരികളായ ഇബ്നുബത്തൂത്തയും റാൽഫ്ഫിച്ചും ഇന്ത്യയിലെ നഗരങ്ങളെക്കുറിച്ച് എഴുതിയിട്ടുണ്ട്.**

എ) അവരുടെ യാത്രാവിവരണങ്ങളിൽ നിന്നും അക്കാലത്തെ നഗരങ്ങളെക്കുറിച്ച് എന്തെല്ലാം വിവരങ്ങളാണ് നമുക്ക് ലഭിക്കുന്നത്?

ബി) തന്നിരിക്കുന്ന മധ്യകാല ഇന്ത്യയുടെ ഭൂപടത്തിൽ ധാക്ക, കാഞ്ചീപുരം, മധുര, സൂറത്ത് എന്നീ നഗരങ്ങൾ രേഖപ്പെടുത്തുക.

പ്രവർത്തനം : 5

> **തമിഴ്നാട്ടിൽ ലോറി സമരം : കേരളത്തിൽ പച്ചക്കറിക്ക് തീവില**
>
> കൊച്ചി: തമിഴ്നാട്ടിൽ രണ്ട് ദിവസമായി തുടരുന്ന ലോറിസമരം മൂലം കേരളത്തിൽ പച്ചക്കറികളുടെ വിലകൾ കുതിച്ചുയരുകയാണ്. ഇരുപത്‌രൂപ വിലയുണ്ടായിരുന്ന പാവയ്ക്കയ്ക്ക് ഇപ്പോൾ അൻപതുരൂപയാണ് വില. തക്കാളി, പയർ, മുരിങ്ങയ്ക്ക എന്നിങ്ങനെ മിക്കവാറും പച്ചക്കറികൾക്ക് ഇരട്ടിയിലധികം വിലവർധനയാണ് അനുഭവപ്പെടുന്നത്.

• **ഇതു പോലുള്ള പത്രവാർത്തകൾ ശ്രദ്ധിക്കാറുണ്ടല്ലോ.**

എ) തമിഴ്നാട്ടിലെ ലോറിസമരവും കേരളത്തിലെ പച്ചക്കറി വില വർധനവും തമ്മിൽ എന്താണ് ബന്ധം?

ബി) കേരളത്തിന് ഭക്ഷ്യസ്വയം പര്യാപ്തത കൈവരിക്കാൻ സഹായകരമായ രണ്ടു മാർഗങ്ങൾ എഴുതുക.

സി) കേരളത്തിൽ കൃഷിക്ക് അനുയോജ്യമായ ഏതെങ്കിലും രണ്ട് ഘടകങ്ങൾ എഴുതുക.

പ്രവർത്തനം : 6

• **പാടത്തും പറമ്പിലും അധ്വാനിച്ചവരായിരുന്നു നമ്മുടെ പഴയ തലമുറ. എന്നാൽ പുതുതലമുറയുടെ ജീവിതശൈലി തികച്ചും വ്യത്യസ്തമാണ്.**

എ) നമ്മുടെ പുതുതലമുറയുടെ ജീവിതശൈലിയിൽ വന്ന മാറ്റങ്ങൾ എന്തെല്ലാമാണ്?

ബി) വീടുകളിലെ മാലിന്യസംസ്കരണത്തിന് രണ്ടു മാർഗം നിർദേശിക്കുക.

പ്രവർത്തനം : 7

• **സമുദ്രനിരപ്പിൽ നിന്ന് അധികം ഉയരമില്ലാത്ത പ്രദേശമാണ് തീരപ്രദേശം.**

എ) തീരപ്രദേശത്തെ പ്രധാന വിളകൾ ഏതെല്ലാം?

ബി) ഈ വിളകൾക്ക് അനുയോജ്യമായ മണ്ണിനം ഏതാണ്?

സി) തീരപ്രദേശ മേഖലകളിലെ കർഷകർ മറ്റു തൊഴിലുകളിലേക്ക് മാറാൻ നിർബന്ധിതരാവുന്നു. എന്തായിരിക്കാം ഇതിനുള്ള കാരണങ്ങൾ?

പ്രവർത്തനം : 8

എ) നമ്മുടെ ദൈനംദിനജീവിതത്തിൽ നാം ഓരോരുത്തരും നിരവധി സാധനങ്ങളും സേവനങ്ങളും ഉപയോഗിക്കുന്നുണ്ടല്ലോ. ഇതിന്റെ അടിസ്ഥാനത്തിൽ ഉല്പാദനത്തെയും ഉല്പന്നത്തെയും നിർവചിക്കുക.

ബി) നിങ്ങൾ ഉപയോഗിക്കുന്ന പുസ്തകത്തിന്റെ ഉല്പാദനത്തിലെ ഏതെങ്കിലും രണ്ട് ഘട്ടങ്ങൾ എഴുതുക.

4. **ബി)** തന്നിരിക്കുന്ന മധ്യകാല ഇന്ത്യയുടെ ഭൂപടത്തിൽ ധാക്ക, കാഞ്ചീപുരം, മധുര, സൂറത്ത് എന്നീ നഗരങ്ങൾ രേഖപ്പെടുത്തുക.

**മധ്യകാല ഇന്ത്യ (സൽത്തനത്ത് കാലം)**

